4 (1638) മത്സ്യത്തൊഴിലാളികളുടെ പ്രശ്നങ്ങൾ

ശ്രീ. ടി.കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആഴക്കടലിൽ മത്സ്യബന്ധനത്തിലേർപ്പെടുന്ന തൊഴിലാളികളുടെ പ്രശ്നങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അവ പരിഹരിക്കാൻ സത്വര നടപടികൾ കൈക്കൊള്ളുമോ;

(സി) മഴക്കാലത്ത് മത്സ്യബന്ധനത്തിൽ ഏർപ്പെടാൻ കഴിയാതെ വിഷമിക്കുന്ന തൊഴിലാളി കുടുംബങ്ങൾക്ക് സഹായം എത്തിക്കുവാൻ നടപടി സ്വീകരിക്കുമോ;

(ഡി) ഇക്കാര്യത്തിൽ നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഇവർക്കു മാത്രമായി പ്രത്യേക പ്രശ്നങ്ങൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ചോദ്യം ബാധകമല്ല.

(സി)&(ഡി) ഇതിനായി സമ്പാദ്യ ആശ്വാസ പദ്ധതി നിലവിലുണ്ട്.

5 (1639) കായംകുളത്ത് ഫിഷറീസ് വകുപ്പിന്റെ ഐസ് പ്ലാന്റ്

ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമ വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളത്ത് പഴയ ബോട്ട്ജെട്ടിക്ക് അടുത്തുള്ള ഫിഷറീസ് വകുപ്പിന്റെ ഐസ് പ്ലാന്റും ഓഫീസും ഇപ്പോൾ പ്രവർത്തിക്കുന്നുണ്ടോ;

(ബി) ഇവയുടെ പ്രവർത്തനങ്ങളെപ്പറ്റി വിശദീകരിക്കുമോ?

(സി) ഇവിടെ ടൂറിസം വകുപ്പിന് ജലയോര വിശ്രമ കേന്ദ്രം പണിയാൻ എത്ര സെന്റ് സ്ഥലമാണ് നൽകിയിട്ടുള്ളത്;

(ഡി) ടൂറിസം വകുപ്പിന് ഈ സ്ഥലം വിട്ടുകൊടുക്കണമെന്നഭ്യർത്ഥിച്ചുകൊണ്ട് സ്ഥലം എം.എൽ.എ. യുടെ നിവേദനം കിട്ടിയ തീയതി വ്യക്തമാക്കുമോ:

(ഇ) ഐസ് പ്ലാന്റും ഓഫീസും പ്രവർത്തിപ്പിക്കാൻ കൂടുതൽ നടപടികൾ എടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദീകരിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) 30 സെന്റ് സ്ഥലം.

(ഡി) വിവരം ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly